പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1346 | 04.02.2019-ന് മറുപടിക്ക് |

**ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുരളി പെരുനെല്ലി | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ - കാഞ്ഞാണി - വാടാനപ്പള്ളി സംസ്ഥാന പാതയുടെ വികസനത്തിനായി സാമൂഹ്യാഘാത പഠനം നടത്തുന്നതിനും ഭൂമി ഏറ്റെടുക്കുന്നതിനും ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | തൃശ്ശൂർ - കാഞ്ഞാണി - വാടാനപ്പള്ളി സംസ്ഥാന പാതയുടെ ഒന്നാം ഘട്ട വികസനവുമായി ബന്ധപ്പെട്ട് അരണാട്ടുകര വില്ലേജ് മുതൽ എറവ് വില്ലേജ് വരെ ആറ് വില്ലേജുകളിലായി 3.7914 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി അർത്ഥന സമർപ്പിച്ചിട്ടുള്ളതും കണ്ടിൻജൻസി ചാർജ്ജിനത്തിൽ 50 ലക്ഷം രൂപ ഒടുക്കിയിട്ടുള്ളതുമാണ്. ഭൂമി ഏറ്റെടുക്കുന്നതിനായി ലാന്റ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറൽ, തൃശ്ശൂർ - നെ നിയമിച്ചിട്ടുള്ളതുമാണ്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള ശുപാർശ ജില്ലാ കളക്ടർ സമർപ്പിക്കുന്ന മുറക്ക് LARR Act, 2013-ലെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്. |
| (ബി) | സാമൂഹ്യാഘാത പഠനത്തിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഇല്ല. |
| (സി) | ചേറ്റുപുഴ പാടം പ്രദേശത്ത് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും യോഗം വിളിച്ച് ചേർത്തിട്ടുണ്ടോ; സ്ഥലം വിട്ടു തരുന്നതിന് ഭൂവുടമകൾ തയ്യാറായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | (സി) | ചേറ്റുപുഴ പാടത്ത് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് സ്ഥല ഉടമകൾ, റവന്യൂ സർവ്വെ, പൊതുമരാമത്ത് ഉദ്യോഗസ്ഥർ, ബഹു.കൃഷി മന്ത്രിയുടെ പ്രതിനിധി, മണലൂർ എം.എൽ.എ എന്നിവരുടെ നേതൃത്വത്തിൽ 08.12.2018 ന് അരിമ്പൂർ പഞ്ചായത്ത് ഹാളിൽ വച്ച് നടത്തിയ യോഗത്തിൽ, പദ്ധതിക്കായി സ്ഥലം വിട്ടു തരുന്നതാണെന്ന് സ്ഥലമുടമകൾ സമ്മതിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ